LIBRARY ARCHIVES Kerala Legislative Assembly

എക്സ്പ്രസ് ഹൈവേയുടെ നിർമ്മാണം

28 [580] ശ്രീ. സി. മോയിൻകുട്ടി:

,, പി. കെ. അബ്ദുറബ്ബ്:

,, സി. മമ്മൂട്ടി:

,, കെ. കുട്ടി അഹമ്മദ് കുട്ടി:

,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്പ്രസ് ഹൈവേയുടെ പണി സംസ്ഥാനത്ത് ആരംഭിച്ചുവോ;

(ബി) എവിടെയെല്ലാം; എത്ര ദൂരം പണി നടന്നു;

(സി) ഇതിനുവേണ്ടി എത്ര തുക ചെലവായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ അതിവേഗ ദീർഘദൂര പാത നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പരിശോധിച്ചുവരുന്നു.

എക്സ്പ്രസ് ഹൈവേ റോഡിന്റെ പണി

29 [581] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേ റോഡിന്റെ പണി സംബന്ധിച്ച് എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഹൈവേ നിർമ്മാണത്തിന് ഏതെങ്കിലും ഏജൻസികളുടെ സഹായം തേടിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ദീർഘദൂര അതിവേഗ പാത നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പരിശോധിച്ചുവരുന്നു.